# വ്യവസായ കേരളം

31

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 DECEMBER 2022


## ലക്ഷ്യം സാധ്യം

### സമാനതകളില്ലാത്ത ചരിത്ര നേട്ടമായി സംരംഭക വർഷം

**103,984** യൂണിറ്റുകൾ

**6403.13** കോടി രൂപയുടെ നിക്ഷേപം

**225,821** തൊഴിലവസരങ്ങൾ

* 13/12/2022 വരെയുള്ള കണക്ക് പ്രകാരം

എന്റെ സംരംഭം നാടിന്റെ അഭിമാനം

സംസ്ഥാന വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച സംരംഭക വർഷം പദ്ധതി ചരിത്ര ലക്ഷ്യം പൂർത്തീകരിച്ചു. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എട്ട് മാസത്തിനുള്ളിൽ സംസ്ഥാനത്ത് പുതുതായി നിലവിൽ വന്നത് 1,00,000 സംരംഭങ്ങളാണ്. 1 ലക്ഷം എന്ന മാന്ത്രിക സംഖ്യ പൂർത്തീകരിക്കാൻ വേണ്ടി വന്നത് കേവലം 247 ദിവസങ്ങൾ മാത്രമെന്നറിയുമ്പോഴാണ് ഈ ചരിത്ര വിജയത്തിന് മാധുര്യമേറുന്നത്.

കേവലം 8 മാസങ്ങൾക്കുള്ളിൽ സംരംഭക വർഷം പദ്ധതി തകർത്ത റെക്കോർഡുകൾ നിരവധിയാണ്. സംരംഭങ്ങളുടെ എണ്ണത്തിലും നിക്ഷേപത്തിന്റെ കാര്യത്തിലും തൊഴിലവസരങ്ങളുടെ കാര്യത്തിലുമെല്ലാം സമാനതകളില്ലാത്ത നേട്ടമാണ് പദ്ധതി കൈവരിച്ചിരിക്കുന്നത്. 2022 മാർച്ച് 30ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ് സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. ഇക്കാലയളവിൽ 1,03,896 പുതു സംരംഭങ്ങളാണ് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചത്. 6,403.10 കോടി രൂപയുടെ നിക്ഷേപം ഉണ്ടായി. 2,25,821 പേർക്ക് പുതുതായി തൊഴിൽ നൽകാനും പദ്ധതിയിലൂടെ കഴിഞ്ഞു.

ഈ കാലയളവിനുള്ളിൽ മലപ്പുറം, എറണാകുളം കൊല്ലം, തൃശ്ശൂർ ജില്ലകളിൽ പതിനായിരത്തിലധികം സംരംഭങ്ങൾ ആരംഭിച്ചു. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഒൻപതിനായിരത്തിലധികവും പാലക്കാട്, കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ എണ്ണായിരത്തിലധികവും ജില്ലകളിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. തൃശൂർ, എറണാകുളം, മലപ്പുറം, തിരുവനന്തപുരം ജില്ലകളിൽ ഇരുപതിനായിരത്തിലധികമാളുകൾക്കും ആലപ്പുഴ, കൊല്ലം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെല്ലാം തന്നെ പതിനയ്യായിരത്തിലധികം ആളുകൾക്കും തൊഴിൽ നൽകാൻ സംരംഭക വർഷം പദ്ധതിയിലൂടെ സാധിച്ചു. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന വയനാട്, ഇടുക്കി, കാസർഗോഡ് ജില്ലകളിലായി പതിനെട്ടായിരത്തിലധികം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

വ്യാവസായിക സാഹചര്യം മാനദണ്ഡമാക്കി ഓരോ ജില്ലയിലും തദ്ദേശ സ്ഥാപനങ്ങളിലും ആരംഭിക്കേണ്ട സംരംഭങ്ങളുടെ ടാർഗറ്റ് നൽകിയിരുന്നു. കേരളത്തിലെ 70 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇങ്ങനെ നിശ്ചയിക്കപ്പെട്ടിട്ടുള്ള ലക്ഷ്യത്തിന്റെ 100% കൈവരിച്ചിട്ടുണ്ട്.

വിവിധ മേഖലകളായി തിരിച്ചുള്ള കണക്കുകളെടുത്താലും സംരംഭക വർഷം കേരളത്തിന് വലിയ നേട്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. കൃഷി - ഭക്ഷ്യ സംസ്കരണ മേഖലയിൽ 18,593 പുതിയ സംരംഭങ്ങൾ ഇക്കാലയളവിൽ നിലവിൽ വന്നു. 1,095.42 കോടി രൂപയുടെ നിക്ഷേപമുണ്ടായി. 46,261 പേർക്ക് ഈ യൂണിറ്റുകളിലൂടെ തൊഴിൽ ലഭിച്ചു. ഗാർമെന്റ്സ് & ടെക്സ്റ്റൈൽ മേഖലയിൽ 12,015 സംരംഭങ്ങളും 520.46 കോടിയിലധികം രൂപയുടെ നിക്ഷേപവും 24,603 തൊഴിലും ഉണ്ടായി. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് മേഖലയിൽ 4,479 സംരംഭങ്ങളും 265.39 കോടി രൂപയുടെ നിക്ഷേപവും 8,304 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. സർവ്വീസ് മേഖലയിൽ 8,212 സംരംഭങ്ങളാണ് രജിസ്റ്റർ ചെയ്തത്. 492.01 കോടി രൂപയുടെ നിക്ഷേപവും 18,437 തൊഴിലും ഈ മേഖലയിൽ ഉണ്ടായി. വ്യാപാര മേഖലയിൽ 32,929 സംരംഭങ്ങളും 1,897.40 കോടിയുടെ നിക്ഷേപവും 60,719 തൊഴിലുമാണ് സൃഷ്ടിക്കപ്പെട്ടത്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വനിതാ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. ഇതിലൂടെ വനിതാ സംരംഭകർ നേതൃത്വം നൽകുന്ന 32,000ത്തിലധികം സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

8 മാസം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചെങ്കിൽ അവശേഷിക്കുന്ന 120 ദിവസങ്ങൾക്കുള്ളിൽ കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ സമാനതകളില്ലാത്ത നേട്ടം കൈവരിച്ചുകൊണ്ടായിരിക്കും സംരംഭക വർഷം അവസാനിക്കുക.



സംരംഭക വർഷത്തെ ലക്ഷ്യം പൂർത്തീകരിച്ചതിന്റെ സന്തോഷം ബഹു. മന്ത്രി വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർക്കൊപ്പം കേക്ക് പങ്കിട്ട് ആഘോഷിക്കുന്നു.

## കേരള ബാംബൂ ഫെസ്റ്റ് 2022

# വിസ്മയങ്ങൾ തീർത്ത മുള മേളക്ക് സമാപനം







മുളയിൽ തീർത്ത വിസ്മയങ്ങൾക്ക് വേദിയൊരുക്കിയ 19-ാമത് ബാംബൂ ഫെസ്റ്റ് സമാപിച്ചു. ഉത്പന്ന വൈവിധ്യത്താലും സന്ദർശക ബാഹുല്യത്താലും ഓരോ വർഷവും പ്രസിദ്ധിയാർജിക്കുന്ന കേരള ബാംബൂ ഫെസ്റ്റിന്റെ സുവർണ ദിനങ്ങൾക്ക് കൂടിയാണ് കൊടിയിറങ്ങിയത്. ഓരോ കൊല്ലം കഴിയുമ്പോഴും സ്വയം നവീകരിച്ചു കൊണ്ട് പുതിയ ആശയങ്ങളും വിദ്യകളും സ്വായത്തമാക്കി തങ്ങളുടെ ഉത്പന്ന വൈവിധ്യ ശ്രേണി വിപുലീകരിക്കുന്ന കരകൗശല വിദഗ്ധർ തന്നെയാണ് ഇക്കഴിഞ്ഞ 19-ാമത് ബാംബൂ ഫെസ്റ്റിന്റെയും വിജയശിൽപികൾ. കലാകാരന്മാർക്ക് വേണ്ടുന്ന സഹായവും പ്രോത്സാഹനവും നൽകി കൊണ്ട് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പും സംസ്ഥാന ബാംബൂ മിഷനും ഒപ്പമുണ്ട്.

**ആകെ സ്റ്റാളുകൾ**
**180**

**പങ്കെടുത്തവർ**
**300 പേർ**

**4 ഇതര സംസ്ഥാനങ്ങളുടെ പങ്കാളിത്തം, മുള ഭക്ഷ്യ ഉൽപ്പനങ്ങൾ, ബാംബൂ നഴ്സറി**

പ്രകൃതിയോട് ഇഴകി ചേർന്ന് നിന്ന് കൊണ്ട് മുള കൊണ്ടുള്ള ഫർണിച്ചറുകൾ, ആഭരണങ്ങൾ, അലങ്കാര വസ്തുക്കൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവയുടെ എല്ലാം വിപണന സാധ്യതകൾ കേരളത്തിനു മുന്നിൽ തുറന്നിടുന്നതായിരുന്നു എറണാകുളം ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനിയിൽ നടന്ന 19-ാമത് ബാംബൂ ഫെസ്റ്റ്. 2022 നവംബർ 27 മുതൽ ഡിസംബർ 04 വരെ സംഘടിപ്പിച്ച മേളയിൽ കേരളത്തിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി മുന്നൂറോളം കരകൗശല തൊഴിലാളികളും മുള അനുബന്ധ സ്ഥാപനങ്ങളും പങ്കെടുത്തിരുന്നു. വൈവിധ്യമായ മുള ഉത്പ്പന്നങ്ങളുടെ പ്രദർശന വിപണന മേള സന്ദർശകരുടെ പങ്കാളിത്തത്താലും സംഘാടക മികവിനാലും വൻ വിജയമായിരുന്നു.

2022 നവംബർ 27ന് വൈകുന്നേരം 6 മണിക്ക് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് കേരള ബാംബൂ ഫെസ്റ്റ് 2022 ഉദ്ഘാടനം ചെയ്തു. എല്ലാ ദിവസവും വൈകുന്നേരം മുള ഉപകരണങ്ങൾ കൊണ്ടുള്ള സംഗീത വിരുന്നും സംഘടിപ്പിച്ചിരുന്നു





പി.എം. എഫ്.എം.ഇ. സംസ്ഥാനതല അവലോകന യോഗത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറും പി.എം എഫ്.എം.ഇ കേരള നോഡൽ ഓഫീസറുമായ ശ്രീ. എസ്. ഹരികിഷോർ ഐഎഎസ് സംസാരിക്കുന്നു.

# ജനകീയമായി പി.എം. എഫ്.എം.ഇ. പദ്ധതി

പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയുടെ (പി.എം. എഫ്.എം.ഇ.) സംസ്ഥാനതല അവലോകന യോഗം തിരുവനന്തപുരത്ത് ചേർന്നു. പിഎം എഫ് എംഇ സ്റ്റേറ്റ് നോഡൽ ഡിപ്പാർട്ട്മെന്റിനെ (ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സ്) പ്രതിനിധീകരിച്ച് ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനും സംയുക്തമായാണ് അവലോകന യോഗം സംഘടിപ്പിച്ചത്. പി.എം എഫ്.എം.ഇ പദ്ധതിയുടെ 14 ജില്ലാ നോഡൽ ഓഫീസർമാരും (ഡിഎൻഒ) 35 ജില്ലാ റിസോഴ്സ് പേഴ്സൺമാരും (ഡിആർപി) യോഗത്തിൽ പങ്കെടുത്തു.

2022 ഡിസംബർ 8ന്, തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ വ്യവസായ വാണിജ്യ ഡയറക്ടറും പി.എം എഫ്.എം.ഇ കേരള നോഡൽ ഓഫീസറുമായ ശ്രീ. എസ്. ഹരികിഷോർ ഐഎഎസ് അധ്യക്ഷനായി. പി.എം എഫ്.എം.ഇ പദ്ധതിയുടെ വിവിധ ജില്ലകളിലെ പ്രകടന വിശകലനവും, മുന്നോട്ടു കൈക്കൊള്ളുന്ന നടപടിക്രമങ്ങളും, വിശദമായ ചർച്ചയും ഡയറക്ടറിന്റെ നേതൃത്വത്തിൽ നടന്നു. സംസ്ഥാന തലത്തിൽ പിഎം എഫ്എംഇ സ്കീം നടപ്പിലാക്കുന്നതിന്റെ സ്ഥിതി വിവര കണക്കുകൾ സ്റ്റേറ്റ് നോഡൽ ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) ചീഫ് എക്സിക്യുട്ടീവ് ഓഫിസർ ശ്രീ. സൂരജ് എസ്. വിശദീകരിച്ചു. വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. പി. എസ് സുരേഷ്കുമാർ സ്വാഗത പ്രസംഗം നിർവഹിച്ച ചടങ്ങിൽ വ്യവസായ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. ജി.രാജീവ് നന്ദി അറിയിച്ചു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.